ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇപ്പോൾ കലാ സമിതികളും കലാ കാരൻമാരും നമ്മുടെ ഈ പരിപാടികളിൽ സഹകരിക്കുന്നുണ്ട്. ഇപ്പോൾ നട ന്നിട്ടുള്ള കേളികൊട്ട് പരിപാടിയിലും അവർ സഹകരിച്ചു. നല്ല പരിപാടിയാ യിരുന്നു.

ശ്രീ. ജി. കാർത്തികേയൻ : ഇൻഡ്യയിൽ ആർക്കും പേ ചെയ്താൽ വന്നുപോകുന്ന പ്രതിഭാധനൻമാരെ, കലാകാരൻമാരെ മാനവീയത്തിന്റെ പേരിൽ സർക്കാർ ചെലവിൽ ഈ നാട്ടിൽ കൊണ്ടുവന്ന് അവരുടെ പരിപാടി നടത്തി, അ തിന്റെ കൂടെ എല്ലാവരുടെയും പടങ്ങൾ ഇലക്ട്രോണിക് മീഡിയായിൽ വ രുമ്പോൾ കേരളത്തിന്റെ ഏത് തനത് കലയാണ് പ്രോത്സാഹിക്കപ്പെടുന്നത്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : തനത് കല സ്വന്തം നിലയ്ക്ക് പ്രവർത്തിച്ച് ഈ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. എല്ലാ സ്ഥലത്തുമുണ്ട്. പ്രാദേശികമായ എല്ലാ സ്ഥലത്തും കലാകാരൻമാരുണ്ട്. എവിടെയാണെന്ന് ചോദിച്ചാൽ എന്ത് പറയാനാണ്? എല്ലാ സ്ഥലത്തുമുണ്ട്. ഡൽഹിയിൽ നമ്മുടെ കേരള കലാമണ്ഡലത്തിലെ 50 കലാകാരൻമാർ പങ്കെടുത്തു. സംഗീത നാടക അക്കാദമികളടക്കമുള്ളവർ ഇതിൽ സഹകരിക്കുന്നുണ്ട്. അവർ പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ട്. നേരിട്ട് മാനവീയത്തിന്റെ ഭാഗ മായി പൈസ കൊടുക്കുന്നില്ല. അവർ സ്വന്തമായി പൈസയുണ്ടാക്കി പരിപാ ടികൾ ആവിഷ്ക്കരിച്ച് ഇതിന്റെ ഭാഗമായി അവർ നടപ്പിലാക്കിക്കൊണ്ടിരിക്കു കയാണ്. നാട്ടിൽപുറങ്ങളിലെ കലാപരിപാടികളിലൊക്കെ അവർ സഹകരി ക്കുന്നുണ്ട്. അതിന് ആരാണ് പൈസ ചെലവഴിക്കുന്നത്? അതിന് ഒന്നും പൈസ ചെലവഴിക്കുന്നില്ല.

*(ചോദ്യോത്തര സമയം കഴിഞ്ഞു)*

## (ii) തിരുത്ത്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 10-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ 4.2.99-ൽ നക്ഷത്രചി ഹ്നമിടാത്ത 1417-ാം നമ്പർ ചോദ്യത്തിന് നൽകിയിരുന്ന ഉത്തരത്തിൽ പിശക് കടന്നുകൂടിയിരിക്കുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്തുവയ്ക്കുന്നു.†

## (iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 5 (*91) ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

ശ്രീ. കെ. സുധാകരൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് തെരഞ്ഞെടുക്കപ്പെടാൻ വേണ്ട യോഗ്യതകൾ എന്തൊക്കെയാ ണെന്ന് വ്യക്തമാക്കുമോ;

---

† അനുബന്ധം 1 (a)

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് അപേക്ഷിക്കുന്നവർ എലിജിബിലിറ്റി ടെസ്റ്റ് പാസ്സായിരിക്കണമെന്ന് നിബന്ധനയുണ്ടോ;

(സി) എങ്കിൽ ഈ ടെസ്റ്റ് നടത്തുന്ന അധികാരസ്ഥൻ ആരാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ടെസ്റ്റ് നിലവിൽ വരുമ്പോൾ ഇപ്പോൾ നിയമിക്കപ്പെട്ടവരുടെ സ്ഥിതി എന്താകുമെന്ന് വിശദമാക്കുമോ;

(ഇ) ഈ ടെസ്റ്റ് നടത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(എഫ്) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) പി.എച്ച്.ഡി.ക്കാരെ ഈ ടെസ്റ്റിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും, ബി.എഡുമാണ് പ്ലസ് ടു സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഒഴിവാക്കപ്പെട്ട വിഭാഗത്തിൽപ്പെടുന്നവർ ഒഴികെ എല്ലാവരും ഈ ടെസ്റ്റ് പാസ്സായിരിക്കേണ്ടതാണ്.

(സി) എൻട്രൻസ് പരീക്ഷ കമ്മീഷണറാണ് പരീക്ഷ നടത്തുന്നത്.

(ഡി) നിലവിലുള്ള ഉത്തരവു പ്രകാരം 3.11.99 ന് മുമ്പ് നിയമനാംഗീകാരം ലഭിച്ചവർക്കും അംഗീകാരം പ്രതീക്ഷിച്ചിരിക്കുന്നവർക്കും യോഗ്യതാ പരീക്ഷാ എഴുതേണ്ട കാര്യമില്ല. എന്നാൽ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ ചില ഭേദഗതികൾ വരുത്തുവാൻ ഗവൺമെൻറ് ആലോചിച്ചു വരുന്നു.

(ഇ) ഇതു സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) ഇതോടൊപ്പം വയ്ക്കുന്നു.

(ജി) ഉണ്ട്.. കോളേജ് ലക്ചറർമാർക്ക് പി.എച്ച്.ഡി ഉള്ളവരെ യു.ജി.സി. ടെസ്റ്റ് ഒഴിവാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ്.

**6 (*92) എൻട്രൻസ് പരീക്ഷകളിൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റം**

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ഫ്രാൻസീസ് :
ശ്രീ. സി. മോയീൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം -2

LIBRARY ARCHIVES Kerala Legislative Assembly

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 19 | പത്മിനി ഒ.കെ | 12614/98 | " | " | എം.എ. | 50% മാത്രം | " | " | " |
| 20 | വിമലാ ബായി. ബി | 10303/98 | " | സംസ്കൃതം ജനറൽ | എം.എ. എം.ഫിൽ പി.എച്ച്.ഡി | 62% | " | " | 41 വയസ് |
| 21 | ഷീബ. എസ് | 10958/98 | ലക്ചറർ | സംസാകൃതം വേദാന്തം | എം.എ. എസ്.ഇ.ടി | 76% | 1 വർഷം | ബഹു. ഹൈക്കോടതിബഞ്ചിന്റെ പരിഗണനയിൽ | |
| 22 | മിനി ടി | 10477/98 | " | സംസ്കൃതം സാഹിത്യം | എം.എ. എം.ഫിൽ. ജെ.ആർ. എഫ് | 69% | 3 1/2 | കോടതി ഹർജി തള്ളി | |
| 23. | ജഗനാഥക് | 21575/98 | " | സോഷ്യോളജി | എം.എ. പി.എച്ച്. ഡി | 56% | 1 1/2.. | ബഹു. ഹൈക്കോടതി ബഞ്ചിന്റെ പരിഗണനയിൽ | " |
| 24. | സനൽകുമാർ വി. | 3457/98 | " | ജ്യോഗ്രഫി | എം.എ. മാത്രം | 57% | 1 1/2.. | " | " |
| 25. | ഷാജഹാൻ എം.എ. | 1203/98 | റീഡർ | ആയുർവേദം | എം.ഡി പി.എച്ച്.ഡി | കൃത്യമായ ശതമാനം പറഞ്ഞിട്ടില്ല | 9. വർഷം | ബഹു. ഹൈക്കോടതി ബഞ്ചിന്റെ പരിഗണനയിൽ | " |
| 26. | ഗോപീകൃഷ്ണൻ എസ് | 3398/98 | ട്യൂട്ടർ | പെയിന്റിംഗ് | എം.എഫ്. എ., എൽ.ഇ.ടി | " | 1 1/2.. | " | " |

## അനുബന്ധം -2

**16.12.1999-ലെ നക്ഷത്രചിഹ്നമിട്ട 5 (*91)-ാം നമ്പർ ചോദ്യം കാണുക**

ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിനായി ഒരു യോഗ്യതാ നിർണ്ണയ പരീക്ഷ നടത്തുവാനായി സർക്കാർ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ ബിരുദാനന്തര ബിരുദവും, ബി.എഡ്ഡുമാണ് അടിസ്ഥാന യോഗ്യത. വർഷത്തിലൊരിക്കൽ ഫെബ്രുവരിയിലാണ് ഈ പരീക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ ഉദ്ദേശിക്കുന്നത്. ബിരുദാനന്തരബിരുദത്തിന്റെ അവസാന വർഷ സെമസ്റ്റർ പരീക്ഷ 6 മാസത്തിനകം പരീക്ഷ നടക്കുമെങ്കിൽ അവരും യോഗ്യരാണ്. ഉദ്യോഗാർത്ഥികൾക്ക് ഈ ടെസ്റ്റ് എഴുതുവാൻ പ്രായപരിധിയില്ല. എത്ര തവണ വേണമെങ്കിലും എഴുതാവുന്നതാണ്. യോഗ്യത നേടികഴിഞ്ഞാൽ കാലപരിധിയില്ലാതെ പരിഗണിക്കുന്നതാണ്.

13.11.99-മുമ്പ് ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നിയമിതരായി നിയമനാഗീകാരം നേടിയവർക്കും അംഗീകാരം പ്രതീക്ഷിച്ചിരിക്കുന്നവർക്കും ഹയർസെക്കണ്ടറി അദ്ധ്യാപകരാകാൻ യോഗ്യതയുള്ള എച്ച്.എസ്.എ/പി.ഡി. അദ്ധ്യാപകർക്കും, പി.എച്ച്.ഡി / എം.എഡ് / എം.ഫിൽ / എൻ.ഇ.റ്റി / ജെ. ആർ.എഫ്. ഉള്ളവരെ ഈ ടെസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

യോഗ്യതാ നിർണ്ണയ പരീക്ഷക്ക് 100 മാർക്ക് വീതമുള്ള രണ്ട് പേപ്പറുകൾ ഉണ്ട്. 1 1/2 മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷയായിരിക്കും. ഓരോ പേപ്പറിനും കുറഞ്ഞത് 35 ശതമാനവും, ആകെ 50 ശതമാനം മാർക്ക് നേടുന്നയാളെ യോഗ്യത നേടിയതായി പ്രഖ്യാപിക്കുന്നതാണ്. ഈ പരീക്ഷ നടത്തുന്നതിനായി ഒരു പരീക്ഷ ബോർഡിനെയും രൂപീകരിച്ചിട്ടുണ്ട്. പരീക്ഷ നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും, പരീക്ഷയുടെ നടത്തിപ്പ് എൻട്രൻസ് പരീക്ഷാ കമ്മീഷണറേറ്റിലുമാണ് നടക്കുന്നത്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പരീക്ഷാകേന്ദ്രങ്ങളുണ്ടായിരിക്കുന്നതാണ്. പരിക്ഷാഫീസ് 250 രൂപയാണ്. അപേക്ഷാഫാറം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്നതാണ്. ഈ വർഷത്തെ പരീക്ഷ ഫെബ്രുവരി 26-ന് നടത്തുന്നതായിരിക്കും.

GOVERNMENT OF KERALA

Abstract

General Education-Higher Secondary Education-conducting of Eligibility Test for appointment of Higher Secondary School Teachers-Guide lines formulated-orders issued.

---

GENERAL EDUCATION(T)DEPARTMENT

G.O.(Ms)No.289/99/G.Edn. Dated,Thiruvananthapuram, 25.11.1999

---

Read:- G.O.(Ms)No.268/99/G.Edn. dated 3.11.1999

ORDER

Consistent with the National Educational Policy, Higher Secondary Course was introduced in the State during 1990-91. In order to ensure the standards of teaching in Higher Secondary Courses it was decided to conduct an eligibility test for the candidates to be selected as Higher Secondary School Teachers vide G.O. read above. Government have constituted and Expert Group to formulate the guide lines for the conduct of the test. The Expert group have studied all aspects and submitted recommendations to Government. Government after considering the recommendations issue the following orders relating to the eligibility, exemption and details of the Test.

1. This Test will be called the State Eligibility Test (SET)

LIBRARY ARCHIVES Kerala Legislative Assembly

2. The test will be held ordinarily once in a year, preferably in February. The Government may, if found necessary, conduct more than one test in a year or may not hold the test in a particular year.
3. Those who possess the prescribed educational qualification for the post of Higher Secondary School Teacher can appear for the test. Those who have acquired B.Ed. but are studying in the final year/Semester of the Masters' Degree Courses, the examination of which will be conducted within a period of six months from the date of the test will also be permitted to appear subject to the condition that the results of the test will be published only after the results of the Masters Degree Examination are published and the certificates are produced. The candidates will have to produce such a certificate from their Head of Institution along with the application. There will be no restriction in the number of chances to appear for the eligibility test and there will not be any time limit as to the validity of the result of the test once passed by the candidate.
4. The Higher Secondary School Teachers whose appointments have been duly approved or whose approvals are awaited will be exempted from passing the eligibility test provided that they have been appointed prior to the date of G.O.Ms.No.268/99/G.Edn. dated 3.11.1999.
5. Those who are/were working as Guest Lecturers or appointed through employment exchange will not be exempted from passing the eligibility test. The H.S. As and P.D. Teachers who are in regular service and qualified to be appointed as HSSTs as on 3.11.1999 will be exempted from the test qualification. The HSAs and Primary School teachers who acquire the requisite qualifications on a subsequent date or are appointed on a subsequent date will not be eligible for exemption.
6. Those who have acquired Ph.D., M.Ed., or M.Phil and those who have passed the N.E.T./JRF will be exempted from passing the test, provided the M.Phil in the concerned subject should be awarded by any of the Universities in Kerala or recognised as equivalent by any of the Universities in Kerala.
7. <u>The SCHEME OF THE TEST</u> : Will be as follows:

   The test will consist of 2 papers.

   Paper:- I will have two parts:

   Part-A (General Knowledge) and Part-B (Aptitude)

   Duration: 90 Minutes (1.30 hours)

   Number of Questions: 100 (50+50)

   Marks: 100

   Type of Questions: Objective type (Multiple choice)

   Negative marks will not be given for wrong answers

   <u>Part:-II</u>

   This will be a test in the concerned subject

   Marks: 100

LIBRARY ARCHIVES Kerala Legislative Assembly

Pattern of questions will be as follows:

1. Answer in a word/sentence
   10 questions: One mark for each question
   All questions are to be answered
   (10x1: 10 marks)
2. Answer in two or three sentences
   12 questions: 10 questions are to be answered (20 marks (2x10)
3. Answer in ½ page: 10 questions 6 to be answered (30 marks (5x6)
4. Answer in one page: 4 questions 2 questions to be answered
   20 marks (10x2)
5. Write an essay: (not exceeding 1500 words) 2 questions
   1 to be answered 20 marks
   Total Marks 100

8. Subjects

There will be 29 subjects in which the test (Paper II) of the eligibility test will be held;

Subjects :

1. English
2. Malayalam
3. Hindi
4. Sanskrit
5. Arabic
6. Urdu
7. Tamil
8. Kannada
9. French
10. Syriac
11. Latin
12. German
13. Botany
14. Zoology
15. Physics
16. Chemistry
17. Mathematics
18. Geography
19. Goelogy
20. Scociology
21. History
22. Economics
23. Political Science
24. Computer Science
25. Home Science
26. Statistics
27. Music
28. Commerce

LIBRARY ARCHIVES Kerala Legislative Assembly

29. Gandhian Studies

9. Requirement for pass

The Candidates who have secured the minimum of 35% marks in each paper (Separately), and an aggregate minimum of 50% marks will be considered to have passed the test.

10. A Board of Examination will be constituted for overseeing the conduct of the eligibility test. The Secretary (General Education) will be the Chairman. The Commissioner for Entrance Examinations, Director, SCERT, Three experts in the areas of Physical Science, Life Science and Languages shall be the members, The Director of Higher Secondary Education will be the convenor of the Board. The details of the functioning of the Board will be issued separately.

11. The Higher Secondary Directorate will print the prospectus and application form and notify the examination, invite application and arrange the admit cards to the candidates.

The actual conduct of the test will be by the Commissioner of Entrance Examination who will work within the guidence of the Examination Board. There will be centres at all Distrct Headquarters.

The expenditure for conducting the test will be met from the income generated from the examination fees which will constitute the State Eligibility Test Fund. The Examination fees will be Rs. 250/-

(By Order of the Governor)

K. JAYAKUMAR
SECRETARY TO GOVRNMENT

To

The Director of Higher Secondary Education
The Commissioner for Entrance Examination
The Director, SCERT
The Director of Public Instructions.
The Director of Vocational Higher Secondary Education.
The Accountant General (A&E) (AUDIT) Kerala, Thiruvananthapuram.
SF and OC.

അനുബന്ധം -3

16.12.1999-ലെ നക്ഷത്രചിഹ്നമിട്ട 6 (*92)-ാം നമ്പർ ചോദ്യം കാണുക

7. RECOMMENDATIONS

7.1 **Organization**

This Committee, after extensive study of the system, discussions with a wide spectrum of people, and after analysing the different variables involved, find that the poor academic base of the entrance test is the primary defect. The philosophy of considering its conduct purely as an administrative excercise has caused serious erosion of academic standards and quality. The Committee notes that the true purpose of the test cannot be achieved by setting

LIBRARY ARCHIVES Kerala Legislative Assembly